(എ) കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് സുഗന്ധവിള വികസനത്തിന് പുതുതായി എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സുഗന്ധവിളത്തോട്ടങ്ങളിലെ മണ്ണു സംരക്ഷണത്തിനായി പ്രത്യേകപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവയെന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഇ) കഴിഞ്ഞ മൂന്നുവർഷമായി സംസ്ഥാനത്ത് സുഗന്ധവിളകളുടെ ഉല്പാദനം, വിപണനം, വിലനിലവാരം, ഇവയിലുണ്ടായ നേട്ടങ്ങളേയും കോട്ടങ്ങളേയുംപറ്റി ഓരോ സുഗന്ധവിളകളുടേയും സ്ഥിതി വിവരകണക്കുകൾ ഉദ്ധരിച്ചുകൊണ്ട് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)&(ബി)എട്ടാം പദ്ധതിമുതൽ കേന്ദ്രസഹായത്തോടെ നടപ്പാക്കിവരുന്ന "സംയോജിത സുഗന്ധവിള വികസനപദ്ധതി" അനുസരിച്ച് 1999-2000 വർഷത്തേക്ക് 872.96 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പ്രധാന സുഗന്ധവിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, ജാതി, കറുവാപ്പട്ട, മുളക്, വാനില തുടങ്ങിയ വിളകളുടെ വികസനവും ഉല്പാദനവും ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്.

(സി)&(ഡി) സംയോജിത സുഗന്ധവിള വികസനപദ്ധതിയുടെ ഭാഗമായി സുഗന്ധവിളത്തോട്ടത്തിൽ അനുയോജ്യമായ രീതിയിൽ മണ്ണുസംരക്ഷണ പദ്ധതിക്ക് ഹെക്ടർ ഒന്നിന് 3000/- രൂപയും സുഗന്ധ വ്യജ്ഞന ബോർഡും പശ്ചിമഘട്ട വികസന ഏജൻസിയും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി മണ്ണ് സംരക്ഷണത്തിന് ഹെക്ടറിന് ചെലവായ തുകയുടെ 75% എന്ന തോതിൽ പരമാവധി 9300/- രൂപയും സഹായം നൽകുന്നുണ്ട്.

(ഇ) വിശദവിവരം ശേഖരിച്ചുനൽകുന്നതാണ്.

13 (*446) വേപ്പിൻകുരു കഷായം

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേപ്പിൻകുരു കഷായം കീടനാശിനിയായി ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള വിദേശരാഷ്ട്രങ്ങളുടെ ഗവേഷണ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭിക്കുകയുണ്ടായോ;

(ബി) വേപ്പിൻകുരു കഷായത്തെപ്പറ്റി മനിലയിലെ അന്താരാഷ്ട്ര നെല്ല് ഗവേഷണകേന്ദ്രത്തിന്റെ അഭിപ്രായമെന്താണെന്ന് സംസ്ഥാന ഗവൺമെന്റിന് അറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെങ്കിലും അമേരിക്കൻ കമ്പനിയുടെ വേപ്പിൻകുരു കഷായം സംസ്ഥാന മാർക്കറ്റിൽ വില്പനയ്ക്കിറക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് വർഷം മുതൽ;

(ഡി) ഏതെല്ലാം കീടങ്ങൾക്കെതിരെയാണ് ഇത് ഫലപ്രദമായി പ്രയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ),(ബി)&(സി) ഇല്ല.

(ഡി) വെട്ടുകിളികൾ, പുൽച്ചാടികൾ, വിവിധതരത്തിലുള്ള ചെടിതീനി പുഴുക്കൾ എന്നിവയ്ക്കെതിരെ ഇത് ഫലപ്രദമാണെന്ന് കണ്ടിട്ടുണ്ട്. കൂടാതെ ചീര, വെണ്ട, വഴുതന, പാവൽ തുടങ്ങിയ പച്ചക്കറികളെ ആക്രമിക്കുന്ന ഇല തീനിപുഴുക്കൾ, എപ്പിലാക്ന വണ്ടുകൾ മുതലായ കീടങ്ങളേയും ഇതു കൊണ്ട് നിയന്ത്രിക്കാവുന്നതാണ്.

14 (*447) ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നത് തടയാൻ നടപടി

ശ്രീ. പി. രാജു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻ വാഹനങ്ങളിൽ ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവർ ഉണ്ടാകാറുണ്ടോ; എങ്കിൽ അതിന്റെ ഏകദേശം കണക്ക് വ്യക്തമാക്കുമോ;

(ബി) എല്ലാ യാത്രക്കാരും ടിക്കറ്റെടുക്കാറുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശമുണ്ടോ. എങ്കിൽ അവ ഏതെല്ലാം;

(സി) ടിക്കറ്റില്ലാതെയുള്ള യാത്ര ശിക്ഷാർഹമാക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; എങ്കിൽ എന്തെല്ലാം;

(ഡി) ഒരു പാസഞ്ചർ കോഡുണ്ടാക്കാൻ പരിപാടിയുണ്ടോ. എങ്കിൽ അതിനുവേണ്ടിയുള്ള ഏതെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ടിക്കറ്റ് പരിശോധിക്കാൻ ആവശ്യമായ സ്റ്റാഫില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആവശ്യത്തിന് എത്ര പേരുണ്ടാകണമെന്നാണ് നിലവിലുള്ള നിയമം; ഇപ്പോൾ എത്ര പേരുണ്ട്; കുറവുണ്ടെങ്കിൽ നികത്താൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ.എ. നീലലോഹിതദാസൻ നാടാർ) :

(എ) ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുന്നവർ ഉണ്ടാകാറുണ്ട്. ഇതു സംബന്ധിച്ച കണക്ക് ശേഖരിച്ചിട്ടില്ല.

(ബി) ബസ്സിൽ ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുന്നത് ശിക്ഷാർഹമാണ്. ഇത്തരത്തിലുള്ള യാത്രക്കാരെ ശിക്ഷിക്കുവാൻ മോട്ടോർ വാഹനനിയമത്തിലെ

LIBRARY ARCHIVES Kerala Legislative Assembly